**കൊച്ചിൻ ദേവസ്വം ബോർഡ് തൃപ്പൂണിത്തുറ ഗ്രൂപ്പ് അസ്സിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്ന പുനർ ലേല പരസ്യം**

കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള എറണാകുളം ശിവക്ഷേത്രത്തിൽ സ്വർണ്ണം കൊണ്ടുള്ള 420 ഗ്രാം തൂക്കമുള്ള ഉദര ബന്ധം നിലവിലെ മാതൃകയിൽ 18–19 കാരറ്റിൽ പുതിയതായി പണിയുന്നതിനു പരിചയ സമ്പന്നരായ നിർമ്മാതാക്കളിൽ നിന്ന് മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

ടി പണികൾക്ക് ടെണ്ടർ സമർപ്പിക്കുന്ന വ്യക്തികൾ നിരത ദ്രവ്യമായി ദേവസ്വം കമ്മീഷ്ണറുടെ പേരിൽ 25000/– ക യുടെ ഡി.ഡി.അടക്കം ചെയ്യേണ്ടതാണ്.

പണികൾ ഏറ്റെടുക്കുന്ന വ്യക്തി സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി 50000/– ക ദേവസ്വത്തിൽ അടയ്ക്കേണ്ടതുമാണ്.

ടെണ്ടറുകൾ 28.10.24 തീയ്യതിയിൽ 3.00 PM വരെ തൃപ്പൂണിത്തുറ ഗ്രൂപ്പ് അസ്സിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിൽ സ്വീകരിക്കുന്നതും ലഭിച്ചതായ ടെണ്ടറുകൾ അന്നേ ദിവസം 3.30PM മണിയ്ക്ക് തുറന്ന് പരിശോധിക്കുന്നതും ടെണ്ടർ ലഭിച്ച വ്യക്തിയെ ബഹു.ബോർഡിൽ നിന്ന് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതുമാണ്.

ഉദരബന്ധം പുതിയതായി നിർമ്മിക്കുന്നതിന് ആവശ്യമായ സ്വർണ്ണം, പണിക്കൂലി, പണിക്കുറവ്, പണിയുന്നതിനാവശ്യമായ സമയം എന്നിവ ക്വട്ടേഷനിൽ വ്യക്തമായി കാണിച്ചിരിക്കേണ്ടതാണ്. പണികൾ ബഹു. ബോർഡ് നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെയും, ദേവസ്വം വിജിലൻസ്, ബഹു. ഹൈക്കോടതി നിരീക്ഷകൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ എറണാകുളം ക്ഷേത്രത്തിലുള്ള ദേവസ്വം ഓഫീസിൽ വച്ച് നടത്തേണ്ടതാണ്.

മുൻ പരിചയം സംബന്ധിച്ചുള്ള രേഖകൾ/സർട്ടിഫിക്കറ്റ് എന്നിവയുടെ ഫോട്ടോ പകർപ്പ് ടെണ്ടറിനൊപ്പം അടക്കം ചെയ്യേണ്ടതാണ്.

ടെണ്ടറിനെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് കൊച്ചിൻ ദേവസ്വം ബോർഡ് തൃപ്പൂണിത്തുറ ഗ്രൂപ്പ് ദേവസ്വം അസ്സിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിലോ എറണാകുളം ദേവസ്വം ഓഫീസിലോ ഓഫീസ് സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

തൃപ്പൂണിത്തുറ
19.10.24.

അസ്സിസ്റ്റന്റ് കമ്മീഷ്ണർ
തൃപ്പൂണിത്തുറ ഗ്രൂപ്പ്